# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 24 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### വേഷപ്പകർച്ചയുടെ മൂന്നരപതിറ്റാ ് പിന്നിട്ട് പുഷ്പകുമാർ

സന്നിധാനത്ത് മണ്ഡലവിളക്ക് ഉത്സവത്തിനോടനുബന്ധിച്ചുള്ള കർപ്പൂരാഴിയിൽ വേഷപ്പകർച്ചയേകി പുഷ്പകുമാറിന് നിർവൃതിയുടെ മൂന്നരപ്പതിറ്റാ ്. ഇക്കുറി കുചേലനായി വിറച്ച് നടന്ന ദേവസ്വംജീവനക്കാരന്റെ മുപ്പത്തഞ്ചാം വേഷം ഭക്തരും ദേവസ്വം ജീവനക്കാരും കൗതുകപൂർവമാണ് വീക്ഷിച്ചത്. തിരുവല്ല ദേവസ്വം ഗ്രൂപ്പിൽപ്പെട്ട കൗമും പ്രയാർതൃക്കയിൽ ശിവക്ഷേത്രത്തിലെ ജീവനക്കാരനായ പുഷ്പകുമാർ, വള്ളംകുളം സ്വദേശിയാണ്. ദേവസ്വം ബോർഡ് ജീവനക്കാർ ഒരുക്കിയ കർപ്പൂരാഴിയിൽ അണിനിരന്ന ശിവൻ, ഹനുമാൻ, നരസിംഹം, വാവർ, പന്തളം രാജാവ് തുടങ്ങി പുലിപ്പുറത്തേറിയ മണികണ്ഠൻവരെ വേഷങ്ങൾ ഒരുക്കാൻ ചുക്കാൻപിടിച്ചതും കുചേലവൃത്തം കഥ സംവിധാനം ചെയ്ത് സന്നിധാനത്ത് അവതരിപ്പിച്ചതും പുഷ്പകുമാറിന്റെ ശ്രമത്തിലാണ്.

83 ൽ ആദ്യമായി സന്നിധാനത്ത് ജോലിയ്ക്ക് എത്തുമ്പോൾ കർപ്പൂരാഴി ഇത്രയും വർണ്ണപകിട്ടോടെയായിരുന്നില്ലെന്ന് പുഷ്പകുമാർ ഓർക്കുന്നു. കർപ്പൂരം കത്തിക്കുന്ന ചടങ്ങിനൊപ്പം കറുത്തതുണി ചുറ്റി ഗദ, കുന്തം എന്നിവയേന്തിയ വേഷങ്ങളായിരുന്നു. അന്ന് ആദ്യമായി മഹിഷാസുരവേഷം കെട്ടിയത് കറുത്തതുണിയ്ക്ക് പുറമെ പട്ടുതുണികളും അണിഞ്ഞായിരുന്നു. അന്ന് സന്നിധാനത്ത് സിഗരറ്റ് നിരോധനം ഇല്ലാതിരുന്നതിനാൽ സിഗരറ്റ് കൂ

ടിലെ ഗിൽറ്റ് പേപ്പറുകൾ ശേഖരിച്ച് മഞ്ഞപ്പൊടി ചേർത്ത് നാഗമു   ാക്കി ചുറ്റി ശിവനായതും ഓർമ്മയിലു   ്.
ദേവസ്വംബോർഡിനൊപ്പം പോലിസും ഒരുദിനം കർപ്പൂരാഴി നടത്താറു   ്. വേഷപ്പകർച്ചയിൽ അത് മത്സരമുളവാക്കിയിരുന്നു. ഇടയ്ക്ക് ആരോഗ്യവകുപ്പ് ജിവനക്കാരും കൊപ്രാക്കളം തൊഴിലാളികളും കർപ്പൂരാഴി നടത്തിയിരുന്നു. അന്നും അവർക്കായി വേഷംകെട്ടിയിരുന്നത് പുഷ്പകുമാർ തന്നെ. ഒരിക്കൽമാത്രമാണ് അവർ കർപ്പൂരാഴി നടത്തിയത്. പിന്നീട് ഒരു വേഷത്തിന് പകരം അധികംവേഷങ്ങൾ കൊ   ുവന്ന് കർപ്പൂരാഴിയ്ക്ക് മാറ്റ് കൂട്ടി. അന്ന് നടപ്പന്തലിലെ സ്റ്റേജിൽ വേഷങ്ങൾ എത്തിയിരുന്നു.

സന്നിധാനത്ത് ഡ്യൂട്ടി നോക്കുന്ന ദേവസ്വം ജീവനക്കാരാണ് കഴിഞ്ഞ ദിനത്തിലെ കർപ്പൂരാഴിയ്ക്ക് വേഷം പകർന്നത്. ഇവർക്ക് മേക്കപ്പിട്ടതും വസ്ത്രം ഉടുപ്പിച്ചതിനും ശേഷം സ്വയം കുചേലനായി പുഷ്പകുമാർ മുഖത്ത് ചായം തേച്ചത് കൗതുകമുണർത്തി. ലൗഡ്സ്പീക്കർ ഉൾപ്പടെ അഞ്ചോളം സിനിമകളിലും ഇരുപതിൽപരം സീരിയലുകളിലും വേഷം കെട്ടിയ കലാകാരൻ കൗമും പ്രയാർ എഴുമറ്റൂർ ക്ഷേത്രങ്ങളിൽ ചുവർ ചിത്രങ്ങളും രചിച്ചിട്ടു   ്. നടപ്പന്തലിലെ സ്റ്റേജിൽ മുൻപ് അയ്യപ്പചരിതം മാറി മാറി വരച്ചിരുന്നു. മണ്ഡലവിളക്ക് ഉത്സവം തുടങ്ങിയശേഷം സന്നിധാനത്ത് വേഷങ്ങളോടെ നടന്ന കർപ്പൂരാഴി ചടങ്ങുകൾ ഉത്സാവന്തരീക്ഷത്തിന് മിഴിവേകുന്നതായിരുന്നു.

(പി.ആർ. ശബരി-352)

## ചന്ദ്രാനന്ദൻ റോഡിൽ വിശ്രമസൗകര്യം വിപുലമാക്കും

മലകയറിവരുന്ന ഭക്തർക്ക് ചന്ദ്രാനന്ദൻ റോഡിൽ വിശ്രമസൗകര്യം വിപുലപ്പെടുത്തുമെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ് കുമാർ അറിയിച്ചു. മണ്ഡലകാലം തുടങ്ങിയശേഷം അവിടെ അടുത്തിടെ ഇരിപ്പിട സൗകര്യം കൂട്ടിയിരുന്നു. താൽക്കാലികമായ സംവിധാനം സ്ഥിരമാക്കും. വിവിധവകുപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ കൂടുന്ന യോഗത്തിൽ ഇതുസംബന്ധിച്ച ആവശ്യമുയർന്നതിനെ തുടർന്നാണ് തീരുമാനം. വനംവകുപ്പിന്റെ സഹകരണത്തോടെയാവും വിശ്രമസൗകര്യം വിപുലപ്പെടുത്തൽ.

(പി.ആർ. ശബരി-353)

## ഇന്ന് (ഡിസംബർ 25) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (ഡിസംബർ 25) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: കാരുണ്യ കമ്മ്യൂണിറ്റി

ഫാർമസി പത്തനംതിട്ട, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ സെന്റർ കോന്നി, മുത്തൂറ്റ് ഹോസ്പിറ്റൽ കോഴഞ്ചേരി, ഹോളിക്രോസ് ഹോസ്പിറ്റൽ അടൂർ, എൻഎസ്എസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ പന്തളം, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ തിരുവല്ല, റാന്നി മർത്തോമ മെഡിക്കൽ മിഷൻ സെന്റർ റാന്നി, നീതി മെഡിക്കൽ സ്റ്റോർ പെരുനാട്.

(പി.ആർ. ശബരി-354)

## നാളെ (ഡിസംബർ 26) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (ഡിസംബർ 26) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: എച്ച്എൽഎൽ ഫാർമസി പത്തനംതിട്ട, ഡിവൈൻ മെഡിക്കൽസ് കോന്നി, സതേൺ മെഡിക്കൽസ് കോഴഞ്ചേരി, ജനത മെഡിക്കൽസ് അടൂർ, ഭാരത് മെഡിക്കൽ സ്റ്റോർ കുളനട പന്തളം, ബിലീവേഴ്സ് ചർച്ച് സിറ്റി ക്ലിനിക്ക് തിരുവല്ല, കുര്യൻ മെഡിക്കൽസ് പഴവങ്ങാടി റാന്നി, ചെറിയത്ത് മെഡിക്കൽസ് കുമ്പളാംപൊയ്ക.

(പി.ആർ. ശബരി-355)

(തുടരും......)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 24 | 2018 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

### മണ്ഡലപൂജ 27ന് ഉച്ചയ്ക്ക് 12.30ന്

മണ്ഡലവിളക്ക് ഉത്സവത്തിലെ പ്രധാനപൂജയായ മണ്ഡലപൂജ ഡിസംബർ 27ന് ഉച്ചയ്ക്ക് 12.30ന് നടക്കുമെന്ന് തന്ത്രി കണ്ഠരര് രാജീവര് അറിയിച്ചു. തങ്കഅങ്കി ചാർത്തി നടക്കുന്ന പൂജയ്ക്ക് ശേഷം പ്രസാദം ഭക്തർക്ക് വിതരണം ചെയ്യും.

ഡിസംബർ 26ന് ഒരുമണിയ്ക്ക് നട അടച്ചശേഷം ഫയർഫോഴ്സും ദേവസ്വം ജീവനക്കാരും ചേർന്ന് സന്നിധാനവും പതിനെട്ടാംപടിയും കഴുകും. അന്ന് 4 മണിയ്ക്ക് നടതുറക്കും. എന്നാൽ ഭക്തർക്ക് ദീപാരാധനയോടെയാണ് പ്രവേശനം. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ മാലയണിയിച്ച് ഭസ്മം തൊടിയിച്ച് തങ്കഅങ്കി സ്വീകരിക്കാൻ യാത്രയയ്ക്കും. ശരംകുത്തിയിൽ വെച്ച് തങ്കഅങ്കിയെ ഇവർ ചേർന്ന് സ്വീകരിക്കും. ആറരയോടെ സന്നിധാനത്ത് എത്തുന്ന തങ്കഅങ്കി ഘോഷയാത്രയെ പതിനെട്ടാംപടിയ്ക്ക് മുകളിൽ ദേവസ്വംബോർഡ് പ്രസിഡന്റ് ഉൾപ്പടെയുള്ള സംഘം സ്വീകരിക്കും. തുടർന്ന് ശ്രീ കോവിലിലേയ്ക്ക് ആനയിക്കും. കളഭാഭിഷേകത്തിനശേഷമാവും 41-ാം ദിനത്തിലെ തങ്കഅങ്കി ചാർത്തിയുള്ള മണ്ഡലപൂജ. 26ന് ഒരുമണിയ്ക്ക് നട അടച്ചശേഷം മൂന്നിന് നട തുറക്കും. 6.30ന് തങ്കഅങ്കി ചാർത്തി ദീപാരാധന നടക്കും. 7ന് പുഷ്പാഭിഷേകത്തിനുശേഷം രാത്രി 9.30ന് അത്താഴപൂജയും

കഴിഞ്ഞ് 10.50ന് ഹരിവരാസനം പാടി 11ന് നട അടയ്ക്കും. 27ന് രാത്രി 10 മണിയ്ക്ക് നട അടയ്ക്കും. തുടർന്ന് ഡിസംബർ 30ന് വൈകീട്ട് 5.30ന് മകരവിളക്ക് ഉത്സവത്തിന് നട തുറക്കും.

(പി.ആർ. ശബരി-356)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(25.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

## ശബരിമലയിലെ ചടങ്ങുകൾ(26.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
4 ന് നടതുറക്കൽ
6.30ന് തങ്കഅങ്കി ചാർത്തി ദീപാരാധന

7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

## ശബരിമലയിലെ ചടങ്ങുകൾ(27.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.30ന് മണ്ഡലപൂജ (തങ്കഅങ്കി ചാർത്തി)
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് തങ്കഅങ്കി ചാർത്തി ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10 മണിക്ക് ഹരിവരാസനംപാടി നട അടയ്ക്കും


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.